## ക്രിമിനൽ കോള വീണ്ടും കേരളത്തിൽ



**പ്ലാച്ചിമടക്കാരുടെ കുടിവെള്ളം നശിപ്പിച്ച കൊക്കക്കോള ശുദ്ധജലവിതരണത്തിന്റെ പേരിൽ കേരളത്തിൽ പുനരവതരിക്കുന്നു. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ശുദ്ധജലം വിതരണം ചെയ്യാനുള്ള പദ്ധതിയുമായെത്തിയ കൊക്കക്കോളയുടെ നടപടിയോടുള്ള പ്രതികരണങ്ങൾ തുടരുന്നു...**

# ട്രിബ്യൂണൽ അട്ടിമറിക്കാനുള്ള നീക്കം

**പ്ലാച്ചിമട സമര – ഐക്യദാർഢ്യ സമതി**

പ്ലാച്ചിമട സമരം നിർണ്ണായകമായൊരു വഴിത്തിരിവിലാണ്. കമ്പനിയുണ്ടാക്കിയ നാശങ്ങൾക്ക് നഷ്ടപരിഹാരം നൽകണമെന്ന പ്ലാച്ചിമട സമരത്തിന്റെ ആവശ്യപ്രകാരം രൂപീകൃതമായ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ രാഷ്ട്രപതിയുടെ അനുമതികിട്ടാൻ വൈകുന്ന കാരണം യാഥാർത്ഥ്യമാകാതെ നീളുകായണ്. രാഷ്ട്രപതിയുടെ അനുമതി വേണ്ടിയിരുന്നോ? സംസ്ഥാനത്തിനു തന്നെ ബിൽ നിയമമാക്കാൻ അധികാരമില്ലേ? എന്നുള്ള ചോദ്യങ്ങൾ ഉയർന്നിരുന്നു. ഈ തർക്കത്തിനു ഇനി സാംഗത്യമില്ല. ഇപ്പോഴത്തെ പ്രശ്നം അതല്ല.

രാഷ്ട്രപതിയുടെ ഓഫീസ് ബില്ലിന്റെ പ്രതികൾ വിവിധ മന്ത്രാലയങ്ങളിലേക്ക് അഭിപ്രായമറിയാൻ വേണ്ടി അയച്ചിരിക്കയാണ്. എൻഡോസൾഫാൻ വിഷയത്തിൽ കുപ്രസിദ്ധമായ മന്ത്രാലയങ്ങളിലേക്കും ബിൽ പോയിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ ഉത്തരവാദിത്തമുള്ള പരിസ്ഥിതി മന്ത്രാലയത്തിൽ ഈയിടെ ഉണ്ടായ മന്ത്രിതല മാറ്റങ്ങൾ എങ്ങനെ ബാധിക്കുമെന്നും പറയാൻ കഴിയില്ല. ദൽഹിയിൽ നീതി ലഭിക്കാൻ അതിശക്തമായ ഇടപെടൽ ആവശ്യമുണ്ടെന്നാണ് സമകാലിക രാഷ്ട്രീയ ചലനങ്ങളിൽ നിന്നും വ്യക്തമാക്കുന്നത്. എൻഡോസൾഫാൻ, പോസ്കോ, ലോക്പാൽ തുടങ്ങിയ വിഷയങ്ങൾ സാക്ഷ്യം.

കൊക്കകോളാ കമ്പനി ദൽഹിയിലെ മന്ത്രാലയങ്ങളിൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുന്നുമുണ്ട്. ദൽഹിയിലെ പരിസ്ഥിതി പ്രവർത്തകരും, പത്രപ്രവർത്തക സുഹൃത്തുക്കളും ഇതു ശരിവെക്കുന്നു. കമ്പനിയുടെ പ്രതി

**പ്ലാച്ചിമട കൊക്കക്കോള കമ്പനിയുടെ ഭൂമിപിടിച്ചെടുക്കുന്നു**

**ആഗസ്റ്റ് 25ന് കന്നിമാരിയിൽ നിന്നും പ്ലാച്ചിമട കൊക്കക്കോള കമ്പനിയിലേക്ക് മാർച്ച്**

എൻ.എ.പി.എമ്മിന്റെയും പ്ലാച്ചിമട സമര-ഐക്യദാർഢ്യ സമിതിയുടെയും ആഭിമുഖ്യത്തിൽ നടക്കുന്ന കോളയുടെ ഭൂമിപിടിച്ചെടുക്കൽ പരിപാടിയിൽ പങ്കെടുത്ത് വിഭവങ്ങൾക്ക് മേലുള്ള ജനാധികാരം പുനസ്ഥാപിക്കുക

ബന്ധങ്ങൾക്ക്: 9744831675, 9447375279

# കളങ്കപ്പാടുകൾ പച്ചവെള്ളംകൊണ്ട് കഴുകുന്നു

**ബിനോയ് വിശ്വം**
**മുൻ മന്ത്രി / ജനയുഗം പത്രാധിപർ**

**കൊക്കക്കോള** ലോകത്തിന്റെ പാനീയമാകാൻ വിധിക്കപ്പെട്ടതാണെന്ന് അതിന്റെ പിറകിലെ മൂലധന ശക്തികൾ വിശ്വസിക്കുന്നു. ആർക്കും അവരെ ചോദ്യം ചെയ്യാനോ തോൽപ്പിക്കാനോ കഴിയില്ലെന്ന് അവർ അഹങ്കരിക്കുന്നു. എന്നാൽ പ്ലാച്ചിമടയിലെ സാമാന്യമനുഷ്യർ ആ അഹങ്കാരത്തിന്റെ മുമ്പിൽ മുട്ടുകുത്തിയില്ല.

മയിലമ്മമാരുടെ നീതി ബോധം പണക്കൊഴുപ്പിന്റെ ഹുങ്കിനേക്കാൾ ശുഷ്കമാണെന്ന് പ്ലാച്ചിമട തെളിയിച്ചു. എന്നാൽ കോള കമ്പനി അടങ്ങിയിരിക്കുന്നില്ല. വേഷംമാറി പുതിയ മേച്ചിൽപ്പുറങ്ങളിലെത്താൻ അവർ ശ്രമിക്കുകയാണ്. കൊക്കക്കോള ഭീകരതയുടെ കളങ്കപ്പാടുകൾ പച്ചവെള്ളംകൊണ്ട് കഴുകിക്കളയാനാകുമോ എന്നാണ് അവരുടെ അതിസാമർത്ഥ്യം ഇന്ന് ആരായുന്നത്. അവർ ഊറ്റിയെടുത്ത പ്ലാച്ചിമടയിലെ ജലം, അവർ മലിനമാക്കിയ അവിടുത്തെ മണ്ണ്, അവർ തട്ടിപ്പറിച്ച ആ നാടിന്റെ സ്വപ്നങ്ങൾ എല്ലാം നമ്മോട് പറയുന്നത് സമരശപഥങ്ങൾക്ക് മൂർച്ചകൂട്ടണമെന്നാണ്.

പ്ലാച്ചിമട ട്രിബ്യൂണൽ ലക്ഷ്യത്തിലെത്തണമെങ്കിൽ അട്ടിമറിയ്ക്കാനുള്ള ഗൂഢശ്രമങ്ങൾ പരാജയപ്പെടണം.

ആ ശ്രമങ്ങൾക്ക് പുറകിൽ കൈകോർത്തുനിൽക്കുന്ന അധികാര കേന്ദ്രങ്ങളും മൂലധനശക്തികളും പരാജയപ്പെടണം. സാധ്യമായ എല്ലാപഴുതുകളിലൂടെയും നമുക്ക് അതിനായി മുന്നേറാം.

നിധികൾ പരിസ്ഥിതി മന്ത്രാലയത്തിലും മറ്റും ഇടപെടാൻ ശ്രമിച്ചതിനു സാക്ഷികളുണ്ട്. ഈയൊരു സാഹചര്യത്തിൽ പ്രക്ഷോഭം കൂടുതൽ ശക്തമാക്കാൻ പ്ലാച്ചിമടസമരസമിതിയും ഐക്യദാർഢ്യസമിതിയും തീരുമാനിച്ചിരിക്കുകയാണ്.

പ്ലാച്ചിമട ട്രിബ്യൂണൽ നിയമനം അട്ടിമറിക്കാനുള്ള ഏതൊരു ശ്രമവും കേരള ജനതയോടുള്ള യുദ്ധ പ്രഖ്യാപനമാണ്. ജനങ്ങൾക്കു ദുരിതമുണ്ടാക്കുന്ന, ജനങ്ങൾക്കു വേണ്ടാത്ത ഒരു കമ്പനി പോലും ഇവിടെ ഉണ്ടായിക്കൂടാ. സാമ്രാജ്യ താല്പര്യങ്ങളെ സംരക്ഷിക്കുന്ന അധികാരികളായാലും കമ്പനി ഉദ്യോഗസ്ഥരായാലും ജനശത്രുക്കളാണ്. പണത്തിന്റെയും, അധികാരത്തിന്റെയും സ്വാധീനമുപയോഗിച്ച് ട്രിബ്യൂണൽ ബിൽ വൈകിക്കാനും അട്ടിമറിക്കാനും ശ്രമിക്കുന്ന കമ്പനിയ്ക്കെതിരെ പ്രതിഷേധ മാർച്ചുകൾ സംഘടിപ്പിക്കാൻ സമര സമിതിയും ഐക്യദാർഢ്യസമിതിയും തീരുമാനിച്ചിരിക്കുന്നു. ആദ്യ പരിപാടി എന്ന നിലയിൽ എറണാകുളത്തെ കൊക്കോകോളാ കമ്പനി ഡിപ്പോയിലേക്ക് പ്രതിഷേധ മാർച്ച് നടത്തും. തുടർന്ന് പ്ലാച്ചിമടയിലെ കമ്പനി പടിക്കലേക്കും, മറ്റ് ജില്ലകളിലെ ഡിപ്പോകളിലേക്കും പ്രതിഷേധ മാർച്ചുകൾ സംഘടിപ്പിക്കും.

കുറ്റവാളിയായ കൊക്കോകോളയെ ജനസേവകരായി ഉയർത്തിക്കാട്ടാനുള്ള ചില ശ്രമങ്ങളും നടക്കുന്നുണ്ട്. എറണാകുളം ജില്ലാ ആശുപത്രിയിൽ കൊക്കോകോളയുടെ സഹായത്തോടെ കുടിവെള്ള വിതരണം നടത്തുന്നത് ഇതിന് തെളിവാണ്. മറ്റ് നഗരങ്ങളിലും ഇതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോളാ കമ്പനിയെ വെള്ളപൂശാൻ നടത്തുന്ന ഈ ഗൂഢാലോചനയുടെ പിറകിൽ ജനവിരുദ്ധ രാഷ്ട്രീയമുണ്ട്. കമ്പനിയ്ക്കെതിരായി നടത്തുന്ന പ്രക്ഷോഭത്തെ ക്ഷീണിപ്പിക്കാനും കമ്പനിയെ ജനസേവകരെന്ന് വരുത്തി തീർക്കാനും അതിലൂടെ ട്രിബ്യൂണൽ ബില്ലടക്കം അട്ടിമറിക്കാനുമുള്ള നീക്കമാണിത്. ഈ തന്ത്രത്തിന് പിന്നിൽ ആരായാലും അവരെ ജനങ്ങളുടെ മുമ്പാകെ കൊണ്ടുവരേണ്ടതുണ്ട്. ആശുപത്രിയിലെ കുടിവെള്ളം നൽകാനുള്ള ബാദ്ധ്യത സർക്കാറിനാണ്. പൊതു ശുദ്ധജല വിതരണ സംവിധാനത്തിലൂടെ അത് നിർവ്വഹിക്കുകയും വേണം. ആശുപത്രി ഡെവലപ്പ്മെന്റ് അതോറിറ്റികളുടെ പേരിൽ നടക്കുന്ന ഈ നടപടികൾക്കു പുറകിൽ അധാർമ്മികത മാത്രമല്ല അഴിമതികൂടി ഉണ്ടെന്ന് ഞങ്ങൾ കരുതുന്നു. എത്രയും പെട്ടെന്ന് നടപടികൾ പിൻവലിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

## അടുത്തലക്കങ്ങളിൽ

**ആശുപത്രി മാലിന്യം**
വി.പി. റജീന
**ആരോഗ്യം, ഭക്ഷണം**
ഡോ. പി.എ. രാധാകൃഷ്ണൻ
**വയനാട് നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ**
ഫേൺസ്, മാനന്തവാടി
**അന്യസംസ്ഥാന തൊഴിലാളികൾ**
ജെസിൻ
**നാടൻ കളികൾ**
പി. ജിംഷാർ

**കേരളീയം 13-ാം വാർഷികം**
**ആലോചനയോഗം**
ആഗസ്റ്റ് 28ന് വൈകീട്ട് 4 മണിക്ക്
കേരളീയം ഓഫീസിൽ വച്ച്.
സാന്നിധ്യം പ്രതീക്ഷിക്കുന്നു

## അയഡിൻ ഉപ്പുകൾ തീറ്റിച്ചതെന്തിന്?

സർക്കാർ അനാവശ്യമായി തീറ്റിച്ച അയഡിൻ ഉപ്പ് കേരളത്തിൽ നിരവധി ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അയഡിന്റെ ആധിക്യം ഹൈപ്പോതൈറോയിഡ് രോഗങ്ങളുണ്ടാക്കുമെന്ന് പഠനങ്ങൾ കണ്ടെത്തിയിരിക്കുന്നു.

**കല്ലുപ്പ് പ്രോത്സാഹിപ്പിക്കുക, അയഡിൻ ഉപ്പുകൾ ബഹിഷ്കരിക്കുക**

## ജി.എം വീണ്ടും

ജനിതകമാറ്റം വരുത്തിയ പയറും ധാന്യങ്ങളും കൃഷിയിടങ്ങളിൽ പരീക്ഷിക്കാൻ ജനിതക എൻജിനീയറിംഗ് അംഗീകാര സമിതി അനുമതി നൽകി.
വിവരങ്ങൾക്ക്: ശ്രീധർ, തണൽ 9995358205